"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചിറക്കടവ് ഗ്രാമ പഞ്ചായത്തിൽ SNDP ശാഖ വോൾട്ട് ടൈപ്പ് ശ്മശാന നിർമ്മാണം - ശ്രീ . അജിത്ത് കുമാർ , ആണ്ടൂർമഠം സമർപ്പിച്ച അപ്പീൽ നിരസിച്ചു കൊണ്ടും ബഹു. കേരള.ഹൈക്കോടതി മുൻപാകെ സമർപ്പിച്ച WP(C) 6235/2019, WP(C) 30276/2019 എന്നീ റിട്ട് ഹർജികളിന്മേലുള്ള 11/ 12/ 2019 - ലെ സംയുക്ത വിധിന്യായം അനുപാലിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3117/2022/LSGD തീയതി,തിരുവനന്തപുരം, 15-12-2022

---

പരാമർശം:-

1. 29/01/2016 തീയതിയിലെ കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറുടെ ഉത്തരവ്.
2. കോട്ടയം ജില്ലാ കളക്ടറുടെ 22/12/2018 തീയതിലെ എച്ച്1/240017 നമ്പർ ഉത്തരവ്.
3. ശ്രീമതി. സുഹുഫിയ ടി.എസും മറ്റുള്ളവരും 19/01/2019 തിയിതിയിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ
4. ശ്രീ അജിത്ത്കുമാറും മറ്റൊരാളും 04/02/2019-ൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ
5. ബഹു. ഹൈക്കോടതിയുടെ WP(C) 6235/2019, WP(C) 30276/2019 എന്നീ റിട്ട് ഹർജികളിന്മലുള്ള 11/ 12/ 2019 ലെ സംയുക്ത വിധിന്യായം.

ചിറക്കടവ് ഗ്രാമ പഞ്ചായത്തിൽ SNDP ശാഖ വോൾട്ട് ടൈപ്പ് ശ്മശാനം നിർമ്മിക്കുന്നതിന് പരാമർശം (2) പ്രകാരം കോട്ടയം ജില്ലാ കളക്ടർ അനുമതി നല്കിയതിനെതിരെ ശ്രീമതി. സുഹുഫിയ ടി.എസും മറ്റുള്ളവരും പാമർശം (3) പ്രകാരവും ശ്രീ. അജിത്ത് കുമാറും മറ്റൊരാളും പരാമർശം (4) പ്രകാരവും അപ്പീൽ സമർപ്പിച്ചിരുന്നു.

2) വോൾട്ട് ടൈപ്പ് ശ്മമാനം നിർമ്മിക്കുന്നതിനായി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 പ്രകാരമുള്ള പെർമിറ്റ് അപേക്ഷ 27/05/2014-ൽ ചിറക്കടവ് ഗ്രാമ പഞ്ചായത്ത് ആഫീസിൽ സമർപ്പിച്ചിരുന്നു. ടി അപേക്ഷയിന്മേൽ ചിറക്കടവ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 19/06/2014 തീയതിയിൽ റിപ്പോർട്ട് നൽകുകയുണ്ടായി.

3) ചിറക്കടവ് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ടി റിപ്പോർട്ടിലെ സ്കെച്ച് പ്രകാരം ശ്മശാനം നിർമ്മിക്കാനുദ്ദേശിക്കുന്ന പ്ലോട്ട് അതിരിൽ നിന്നും തൊട്ടടുത്തായി 3 വാസ ഗ്രഹങ്ങൾ ഉണ്ടെന്നും, ഒന്നാമത്തെ വീട് 9.4മീറ്ററും, രണ്ടാമത്തെ വീട് 10.5 മീറ്ററും, മൂന്നാമത്തെ വീട് 12.5 മീറ്ററും അകലം പാലിക്കുന്നതായിട്ട് മാർക്ക് ചെയ്തിട്ടുള്ളതും,

കൂടാതെ, മേൽ പരാമർശിച്ചിരിക്കുന്ന സ്ഥലത്തിനോട് അടുത്ത് വീടുകൾ ഉള്ളതായും, ആയതിനാൽ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവനും റിപ്പോർട്ടും ചെയ്തിരുന്നു.

4) ആയതിനു ശേഷം **19.12.2014** തീയതിയിൽ ശവം മറവ് ചെയ്യുന്നതിനോ ദഹിപ്പിക്കുന്നതിനോ ഉള്ള സ്ഥലങ്ങൾ ഏർപ്പെടുത്താൻ ലൈസൻസിനുള്ള അപേക്ഷ എസ്.എൻ.ഡി.പി. ശാഖായോഗം നമ്പർ **1044** സെക്രട്ടറി സമർപ്പിക്കുകയുണ്ടായി. എന്നാൽ ടി അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഉൾക്കൊള്ളിച്ചിരുന്നില്ല. ന്യൂനത പരിഹരിച്ച് ആവശ്യമായ രേഖകൾ സഹിതം **20.05.2015** -ൽ അപേക്ഷ സമർപ്പിക്കുകയും, **26.05.2015** തീയതിയിൽ അനന്തര നടപടികൾക്കായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ജില്ലാ മെഡിക്കൽ ഒഫീസർ മുഖാന്തിരം ടി അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ നിരക്ഷേപ സാക്ഷ്യപത്രം നൽകുകയും ചെയ്തു.ടി നിരാക്ഷേപ സാക്ഷ്യ പത്രത്തിന്റെയും മറ്റ് അടിസ്ഥാന രേഖകളുടെയും കൂടാതെ, ടി ശ്മശാനം നിർമ്മിക്കുന്നതിനെതിരെ ലഭിച്ച പരാതിയുടെയും അടിസ്ഥാനത്തിൽ, അപേക്ഷകൻ, ജില്ലാ മെഡിക്കൽ ആഫീസർ, കാഞ്ഞിരപ്പള്ളി തഹസിൽദാർ, മലിനീകരണ നിയന്ത്രണ ബോർഡ് പരിസ്ഥിതി എഞ്ചീനീയർ, പരാതിക്കാർക്കുവേണ്ടി ടിയാളുകൾ ചുമതലപ്പെടുത്തിയ അഡ്വക്കേറ്റ് എന്നിവരെ നേരിൽ കേട്ടതിന്റെയും, അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ കളക്ടർ പരാമർശം **(2)** പ്രകാരം ശ്മശാന നിർമ്മാണത്തിന് അനുമതി നൽകി ഉത്തരവാകുകയും ചെയ്തു.

5) എന്നാൽ പ്രസ്തുത നടപടി ക്രമത്തിനെതിരെ ശ്രീ. അജിത്ത് കുമാർ , ആണ്ടൂർമഠം അപ്പീൽ സമർപ്പിച്ചു. കൂടാതെ, പരാമർശം **(5)**-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പ്രകാരം ഹർജിക്കാരനെയും, എതിർ കക്ഷികളെയും നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ അപേക്ഷ പരിഗണിക്കുന്നതു സംബന്ധിച്ചു തീരുമാനം എടുക്കേണ്ടതാണ് എന്നും നിർദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരെയും എതിർകക്ഷികളെയും, അവർ നിയോഗിച്ച കൗൺസിൽമാരെയും, **17/3/2022** തീയതിയിൽ ഓൺലൈൻ മുഖേനയും തുടർന്ന് **24/3/2022, 22/6/2022** തീയതികളിൽ നേരിലും കേൾക്കുകയുണ്ടായി. നിർദ്ദിഷ്ട സ്ഥലപരിധിക്കുള്ളിൽ വാസഗൃഹം ഉണ്ട് എന്നും, എസ് എൻ ഡി പി യൂണിയൻ ഭാരവാഹികൾ, നിർദിഷ്ട ഫാറത്തിൽ അല്ല അപേക്ഷ സമർപ്പിച്ചതും എന്നും പൊതു വഴിയുടെ അഭാവം ഉണ്ട് എന്നുമുള്ള ആക്ഷേപങ്ങൾ ഹർജിക്കാർ ഉന്നയിച്ചിട്ടുണ്ട്

6) ശ്മശാനം നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രസ്തുത സ്ഥലം നേരിട്ട് പരിശോധന നടത്തിയതിന്റെയും **01.02.2019** തീയതിയിൽ എസ്. എൻ.ഡി. പി ശാഖായോഗം നമ്പർ **1044**-ന്റെ പ്രസിഡന്റ് സങ്കേതം ആപ്ലിക്കേഷൻ മുഖേന സമർപ്പിച്ചിരിക്കുന്ന പെർമിറ്റ് അപേക്ഷയിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന ശ്മശാനത്തിന്റെ സൈറ്റ് പ്ലാനിന്റേയും അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ തെക്ക് വശത്തായി ടി സ്ഥലത്തോട് ചേർന്ന് മതിൽകെട്ടി തിരിച്ചിട്ടുള്ള സി.എസ്.ഐ പള്ളി വക ശ്മശാനവും പടിഞ്ഞാറ് വശത്തായി ശ്രീ. അജിത്ത് കുമാർ, ആണ്ടൂർമഠം എന്നയാളുടെ സ്ഥലവും, ശ്മശാനം

നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രസ്തുത സ്ഥലത്തിന്റെ 10.9 മീറ്റർ അകലത്തിലായി ടിയാന്റെ ഉടമസ്ഥതയിലെ xx/608 കെട്ടിടനമ്പരുള്ള വീടും, വീടിനോട് ചേർന്ന് കിണറും ഉള്ളതാകുന്നു. കിഴക്ക് ഭാഗത്തായി കളരിക്കൽ വക സ്ഥലവുമാണുള്ളത്. ചിറക്കടവ് ഗ്രാമ പഞ്ചായത്തിലെ പൊതുശ്മശാനം സംബന്ധിച്ച് സെക്രട്ടറിയിൽ നിന്നു റിപ്പോർട്ട് ആവശ്യപ്പെട്ടതിൻ പ്രകാരം ചിറക്കടവ് ഗ്രാമപഞ്ചായത്ത് നിർമ്മിച്ചിരിക്കുന്ന ശ്മശാനം 4-ാം വാർഡിൽ ചേപ്പുംപാറ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നതായും പരാതിക്കാധാരമായ എസ്. എൻ.ഡി. പി ശാഖായോഗം നമ്പർ 1044-ന്റെ ശ്മശാനത്തിൽ നിന്നും ഉദ്ദേശം 1500 മീറ്റർ മാറിയാണ് പഞ്ചായത്തിന്റെ ടി ആധുനിക ശ്മശാനമുള്ളതെന്നും, ഒരു മൃതദേഹം ദഹിപ്പിക്കുന്നതിന് 4000/- രൂപയാണ് ഭരണസമിതി ഫീസായി ഈടാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7) കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്മശാനം നിർമ്മിക്കുന്നതിനായുള്ള അപേക്ഷ 27.05.2014 നു ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു എന്നാൽ ശ്രീ ബി.അജിത് കുമാറിന്റെ വാസഗൃഹം ക്രമവത്കരിച്ചു നൽകുന്നതിനുള്ള അപേക്ഷ 23.07.2014നു ആണ് സമർപ്പിച്ചിരിക്കുന്നത്. മാത്രമല്ല ടിയാന്റെ വാസഗൃഹം നിർമ്മിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിൽ നിന്നും മുൻകൂർ അനുവാദം വാങ്ങിയിട്ടില്ലെന്നും ടി കെട്ടിടം താമസിക്കുവാൻ വേണ്ടിയല്ല ടിയാൻ ഉപയോഗിക്കുന്നതെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. 30.8.2014-ന് ശ്രീ അജിത് കുമാറിന്റെ വാസഗൃഹം ക്രമവൽകരിച്ച് നല്കിയശേഷം 10.9 മീറ്റർ അകലത്തുള്ള സ്ഥലത്താണ് SNDP ശാഖ ശ്മശാനം നിർമ്മിക്കുന്നതിന് 22.12.2018-ൽ കളക്ടർ അനുമതി നല്കിയത്. 16.5.2018-ൽ കളക്ടർ നോട്ടിഫൈ ചെയ്തു പരാതിക്കാരെ നേരിൽ കേട്ടതിനു ശേഷമാണ് പരാമർശം (2) ഉത്തരവായത്. ഇതിന് 29.1.2016-ൽ ഡി എം ഒ നിരാക്ഷേപ പത്രവും നല്കിയിരുന്നു. "ശവം മറവ് ചെയ്യുന്നതിനോ ദഹിപ്പിക്കുന്നതിനോ ഉള്ള സ്ഥലങ്ങൾ ഏർപ്പെടുത്താൻ ലൈസൻസിനുള്ള ചട്ടങ്ങൾ" പ്രകാരം ശവം മറവ് ചെയ്യുന്നതിനോ ദഹിപ്പിക്കുന്നതിനോ ഉള്ള സ്ഥലങ്ങൾ വാസഗൃഹത്തിനടുത്താണോയെന്ന് പരിശോധിക്കുന്നത് ലൈസൻസ് അപേക്ഷയുടെ തീയതിയിലെ സാഹചര്യം കണക്കിലെടുത്താണ് സെമിത്തേരിയുടെ നിർമ്മാണത്തിനുള്ള അപേക്ഷ 27.5.2014-ന് സമർപ്പിച്ചതിനാലും ശ്രീ അജിത് കുമാറിന്റെ വാസഗൃഹം ക്രമവൽകരിച്ച് നല്കുന്നതിനുള്ള അപേക്ഷ അതിനു ശേഷം 23.7.2014-നാണ് സമർപ്പിച്ചതിനാലും ഈ വാദം ചട്ടപ്രകാരം നിലനിൽക്കില്ല എന്ന് കാണാവുന്നതാണ്.

8) 27.5.2014-ൽ എസ്.എൻ.ഡി.പി ശാഖ സമർപ്പിച്ചത് ശ്മശാനം നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 പ്രകാരമുള്ള അപേക്ഷയാണെന്നാണ് കോട്ടയം ഡി ഡി പി -യുടെ റിപ്പോർട്ടിൽ നിന്നും കളക്ടറുടെ കത്തിൽ നിന്നും വ്യക്തമാകുന്നത്. ഡി ഡി പി -യുടെ റിപ്പോർട്ടിൽ ശവം മറവ് ചെയ്യുന്നതിനോ ദഹിപ്പിക്കുന്നതിനോ ഉള്ള സ്ഥലങ്ങൾ ഏർപ്പെടുത്താൻ ലൈസൻസിനുള്ള അപേക്ഷ ഫോറം ശാഖ 19.12.2014-ൽ സമർപ്പിച്ചതായും അതിലെ ന്യൂനത പരിഹരിച്ച് ആവശ്യമായ രേഖകൾ സഹിതം 20.05.2015 - ൽ അപേക്ഷ സമർപ്പിക്കുകയും, 26.05.2015 തീയതിയിൽ അനന്തര നടപടികൾക്കായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ജില്ലാ മെഡിക്കൽ ഒഫീസർ മുഖാന്തിരം ടി അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. അതായത്

ലൈസൻസിനുള്ള അപേക്ഷ ഫോറം ശാഖ **19.12.2014-ൽ** സമർപ്പിക്കുന്നതിന് മുൻപ് **30.8 2014-ന്** ശ്രീ അജിത് കുമാറിന്റെ വാസഗൃഹം ക്രമവൽകരിച്ച് നല്കിയതായി ഡി ഡി പി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**9)** ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ **SNDP** ശാഖ വോൾട്ട് ടൈപ്പ് ശ്മശാനം നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ **2011** പ്രകാരം **27.5.2014-ൽ** സമർപ്പിച്ച അപേക്ഷ പരിശോധിച്ച് **19.6.2014-ൽ** ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ശ്മശാന സ്ഥലത്തിനടുത്തായി **3** വാസഗൃഹങ്ങളുണ്ട് (അതും **9.4** മീറ്റർ, **10.5** മീറ്റർ, **12.5**മീറ്റർ എന്നീ ദൂരപരിധികളിൽ) എന്നാണ് ഡി.ഡി.പി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പരാമർശം **(1)** -ലെ റിപ്പോർട്ടിൽ **DMO** അറിയിച്ചതും അസിസ്റ്റന്റ് എഞ്ചിനിയർ റിപ്പോർട്ട് തയ്യാറാക്കിയ സമയത്ത് അവിടെ വാസഗൃഹമില്ലായിരുന്നു എന്നാണ്.

**10) 1998** ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യുവാനും, ദഹിപ്പിക്കുവാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ ചട്ടം **5(2)** പ്രകാരം ജനവാസ ഗൃഹങ്ങളിൽ നിന്നും നിർദ്ദിഷ്ട ദൂരപരിധിക്കുള്ളിൽ വാസഗൃഹങ്ങളുണ്ടോ ഇല്ലയോ എന്നത് ലൈസൻസിനുള്ള അപേക്ഷ നൽകുന്ന തീയതിയിലെ അവസ്ഥ പരിഗണിച്ചായിരിക്കണം തീരുമാനിക്കേണ്ടത് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തിലെ രേഖകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെടുകയും ചിറക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി രേഖകൾ പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ ശ്മശാനം നിർമ്മിക്കുന്നതിനായി എസ്.എൻ.ഡി.പി ശാഖായോഗം പ്രസിഡണ്ട് **27.05.2014-ൽ** എഫ് **4773** നമ്പരായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണന്നും ശ്രീ അജിത് കുമാർ, നിർദ്ദിഷ്ട ശ്മശാനസ്ഥലത്തിനടുത്തായി പണിതിരിക്കുന്ന വാസഗൃഹത്തിന്റെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായുള്ള അപേക്ഷ സമർപ്പിച്ചിരിക്കുന്നത് **23.07.2014** ലെ **6716/14** നമ്പരായി ആണെന്നും റിപ്പോർട്ടു ചെയ്തിരുന്നു. എന്നാൽ പഞ്ചായത്ത് ഉപ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ **27.05.2014** ൽ സമർപ്പിച്ച അപേക്ഷ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷ ആയിരുന്നെന്നും, കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യുവാനും, ദഹിപ്പിക്കുവാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ **1998** ഫാറം **1** ൽ സൂചിപ്പിച്ചിരിക്കുന്ന മാതൃകയിലുള്ള അപേക്ഷ **19.12.2014** ലാണ് നൽകിയിരുന്നതെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പഞ്ചായത്ത് ഉപ ഡയറക്ടറും എസ്.എൻ.ഡി.പി ശാഖായോഗം പ്രസിഡണ്ട് **27.05.2014** ൽ നൽകിയ അപേക്ഷ ഗ്രാമപഞ്ചായത്ത് നിരസിച്ചതായി റിപ്പോർട്ടുചെയ്തിട്ടില്ല. കൂടാതെ **27.05.2014** ൽ നൽകിയ അപേക്ഷയിൻമേൽ അസിസ്റ്റന്റ് എൻജിനീയർ പരിശോധന നടത്തി **19.06.2014** ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായും ഇതേ റിപ്പോർട്ടിൽ പഞ്ചായത്ത് ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും വ്യക്തമാകുന്നത് **27.05.2014** ൽ നൽകിയ അപേക്ഷ ഗ്രാമപഞ്ചായത്ത് നിരസിച്ചിട്ടില്ല എന്നതും പ്രസ്തുത അപേക്ഷയിൻമേൽ ഗ്രാമപഞ്ചായത്ത് അനുമതി നൽകുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നതുമാണ്. അതിനാൽ, ശ്മശാനം നിർമ്മിക്കുന്നതിനായി എസ്.എൻ.ഡി.പി ശാഖായോഗം പ്രസിഡണ്ട്

27.05.2014 ൽ എഫ് 4773 നമ്പരായി അപേക്ഷ സമർപ്പിച്ചത് അംഗീകരിക്കാവുന്നതാണ്. 19.12.2014 ൽ ഫാറം 1 ൽ സമർപ്പിച്ച അപേക്ഷയുടെ തീയതിയാണ് യഥാർത്ഥ തീയതിയായി പരിഗണിക്കേണ്ടത് എന്നവാദം ചട്ടം 5(2) ന്റെ ഉദ്ദേശ ലക്ഷ്യത്തിന് അനുസൃതമല്ല.

11) 27.05.2014-ൽ നൽകിയ അപേക്ഷയിൻമേൽ അസിസ്റ്റന്റ് എൻജിനീയർ പരിശോധന നടത്തി 19.06.2014-ൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ശ്മശാന സ്ഥലത്തിനടുത്തായി 3 വാസഗൃഹങ്ങൾ 9.4 മീ, 10.5മീ, 12.5മീ എന്നീ പരിധിക്കുള്ളിലായുണ്ട് എന്ന കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടും അസിസ്റ്റന്റ് എൻജിനീയർ റിപ്പോർട്ട് തയ്യാറാക്കിയ സമയത്ത് നിർദ്ദിഷ്ട ദൂരപരിധിക്കുള്ളിൽ വാസഗൃഹങ്ങളില്ല എന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിലെ പരാമർശവും സംബന്ധിച്ച്, ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ ഈ വിഷയത്തിൽ വ്യക്തത വരുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എൻജിനീയറുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നത് നിർദ്ദിഷ്ട നിർമ്മാണം നടത്തുന്ന സ്ഥലത്തിന്റെ വടക്കുഭാഗത്തെ അതിർത്തിയിൽ നിന്നും റോഡിന് വടക്ക് ഭാഗത്തായി 3 വാസഗൃഹങ്ങൾ 9.4 മീ, 10.5 മീ, 12.5മീ എന്നീ ദൂരപരിധിക്കുള്ളിലായുണ്ട് എന്നാണ്. ഈ വസ്തു തെക്കുവടക്കായി 55 മീറ്റർ നീളം ഉള്ള പ്ലോട്ടാണ്. വടക്കുഭാഗത്തുള്ള അതിർത്തിയിൽ നിന്നും 46.47 മീറ്റർ മാറി തെക്ക് ഭാഗത്തായാണ് ശ്മശാനം നിർമ്മിക്കുന്നത്. ആയതിനാൽ ശ്മശാനം സ്ഥാപിക്കുന്ന സ്ഥലത്തിന്റെ വടക്കേ അതിർത്തിയിൽ നിന്നും ഏറ്റവും അടുത്ത വാസഗൃഹം 55.87 മീറ്റർ(46.47+9.4) ദൂരത്താണന്ന് വ്യക്തമാകുന്നു. ഈ സാഹചര്യത്തിലാണ് നിർദ്ദിഷ്ട ശ്മശാനത്തിന്റെ 50 മീറ്റർ ചുറ്റളവിൽ വാസഗൃഹങ്ങളില്ല എന്ന് ജില്ലാ മെഡിക്കലോഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിർമ്മാണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള രൂപരേഖയിലും നിർദ്ദിഷ്ട നിർമ്മാണം ടി സ്ഥലത്തിന്റെ വടക്കേ അതിർത്തിയിൽ നിന്നും 46.47 മീറ്റർ തെക്ക് മാറിയായിട്ടാണന്നാണ് കാണിച്ചിരിക്കുന്നത്. ആയതിനാൽ ടി നിർമ്മാണം പൂർത്തീകരിച്ചാൽ ശ്രീ അജിത് കുമാർ നിർമ്മിച്ചിരിക്കുന്ന വീടൊഴികെ വേറൊരു വാസഗൃഹവും നിയമപ്രകാരമുള്ള ദൂരപരിധിയായ 50 മീറ്ററിനുള്ളിൽ ഇല്ല എന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്

12) 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം, "ജനവാസ ഗൃഹങ്ങളുടെ 50 മീറ്റർ പരിധിയിൽ ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലം പുതിയതായി ഏർപ്പെടുത്തുവാൻ പാടില്ലാത്തതാകുന്നു എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു." എന്ന സംഗതിയിൽ "ജനവാസ ഗൃഹ (കെട്ടിടം) ത്തിൽ നിന്നും 50 മീറ്റർ പരിധിയിൽ ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലം./അവ ഉൾക്കൊള്ളുന്ന കെട്ടിടം പുതിയതായി ഏർപ്പെടുത്തുവാൻ പാടില്ലാത്തതാകുന്നു" എന്ന് വ്യാഖ്യാനിക്കാവുന്നതാണ്. "എന്നാൽ കോൺക്രീറ്റ് കല്ലറകളുടെയും, വൈദ്യുത ക്രിമിറ്റോറിയങ്ങളുടെയും സംഗതിയിൽ ജനവാസ ഗൃഹങ്ങളിൽ നിന്നുള്ള അകലം ഏറ്റവും കുറഞ്ഞത് 25 മീറ്റർ മതിയാകുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു." എന്ന സംഗതിയിൽ "കോൺക്രീറ്റ് കല്ലറകളുടെയും, വൈദ്യുത ക്രിമിറ്റോറിയങ്ങളുടെയും/അവ

ഉൾക്കൊള്ളുന്ന കെട്ടിടങ്ങളുടെയും സംഗതിയിൽ ജനവാസ ഗൃഹങ്ങളിൽ (കെട്ടിടം) നിന്നുള്ള അകലം ഏറ്റവും കുറഞ്ഞത് 25 മീറ്റർ മതിയാകുന്നതാണ് എന്നും വ്യാഖ്യാനിക്കാവുന്നതാണ്". കളക്ടറേറ്റിൽ നിന്നും നൽകിയ നിർമ്മാണാനുമതിക്ക് ആധാരമായിട്ടുള്ളത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം സമർപ്പിച്ച അപേക്ഷയോടൊപ്പമുള്ള പ്ലാനും, പൊലൂഷൻ കൺട്രോൾ ബോർഡ് അംഗീകരിച്ച പ്ലാനുമാണ്.

13) നിർമ്മാണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾ കളക്ടറേറ്റിൽ ആരംഭിച്ചതിനുശേഷം ജില്ലാ മെഡിക്കലോഫീസർ മുഖാന്തിരം സമർപ്പിച്ച അപേക്ഷയോടൊപ്പമുള്ള പ്ലാൻ മാറ്റുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോ അപേക്ഷകരോ ആവശ്യപ്പെട്ടിട്ടില്ലാത്തതും ആയതിനാൽ അത്തരം ഒരു വിഷയം 22.11.2018 ലെ ഉത്തരവു പ്രകാരം നിർമ്മാണാനുമതി നൽകുന്ന അവസരത്തിൽ ഈ കാര്യാലയത്തിന്റെ പരിഗണനയിൽ വന്നിട്ടില്ലാത്തതുമാണ്. തന്നെയുമല്ല നിർമ്മാണാനുമതി നൽകുന്നത് സംബന്ധിച്ച് അപ്പിൽ വാദികൾ കലക്ടറേറ്റിൽ സമർപ്പിച്ച പരാതിയിലും വിചാരണ വേളയിലും ഇങ്ങനെ ഒരു ആരോപണം പരാതിക്കാരൻ ഉന്നയിച്ചിട്ടില്ലാത്തതുമാണെന്ന വിവരവും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സാധാരണ നടപടിക്രമങ്ങളുടെ ഭാഗമായി നിർമ്മാണാനുമതി നൽകി ക്കൊണ്ടുള്ള ഉത്തരവിലെ താഴെച്ചേർത്തിട്ടുള്ള 1, 2 നിബന്ധനകൾ ഇപ്രകാരമാണ്.

1) ജില്ലാ മെഡിക്കൽ ഓഫീസർ, പരിസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡ് പരിസ്ഥിതി എഞ്ചിനീയർ എന്നിവർ അംഗീകരിച്ച പ്ലാനിൽ നിന്നും നിർമ്മാണ സമയത്ത് യാതൊരു വ്യത്യാവസവും വരുത്തുവാൻ പാടില്ലാത്തതാണ്.

2. മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ അനുമതി പത്രത്തോടൊപ്പമുള്ള സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന അതേ സ്ഥാനത്തുതന്നെയായിരിക്കണം നിർമ്മാണം നടത്തേണ്ടത്.

14)മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചിറക്കടവ് ഗ്രാമ പഞ്ചായത്തിൽ SNDP ശാഖ വോൾട്ട് ടൈപ്പ് ശ്മശാനം നിർമ്മിക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം അനുമതി നല്കിയതിനെതിരെ ശ്രീ . അജിത്ത് കുമാർ , ആണ്ടൂർമഠം, ശ്രീമതി സൂഫിയ ടി.എസ് എന്നിവർ സമർപ്പിച്ച പഞ്ചായത്ത് രാജ് ആക്ട് (ശവം മറവ് ചെയ്യുന്നതിനോ ദഹിപ്പിക്കുന്നതിനോ ഉള്ള സ്ഥലങ്ങൾ സംബന്ധിച്ച)ചട്ടം 6 (10) പ്രകാരമുള്ള അപ്പീൽ നിരസിച്ചു കൊണ്ടും ബഹു. കേരള.ഹൈക്കോടതി മുൻപാകെ സമർപ്പിച്ച WP(C) 6235/2019, WP(C) 30276/2019 എന്നീ റിട്ട് ഹർജികളിന്മേലുള്ള 11/ 12/ 2019 ലെ സംയുക്ത വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEKALA R

അണ്ടർ സെക്രട്ടറി

1) അഡ്വക്കേറ്റ് ജനറൽ, കേരള , തിരുവനന്തപുരം
2) ജില്ലാ കളക്ടർ, കോട്ടയം
3) സെക്രട്ടറി, ചിറക്കടവ് ഗ്രാമപഞ്ചായത്ത്, കോട്ടയം
4) ശ്രീ.ബി.അജിത്‌കുമാർ, ഗീതാ സദനം, അറ്റിക്കൽ ഭാഗം, പൊൻകുന്നം പി.ഒ, ചിറക്കടവ് വില്ലേജ്, കാഞ്ഞിരപ്പള്ളി താലൂക്ക് 686 506
5) ശ്രീ.തോമസ് ജേക്കബ്, മാണിക്കാട്ട്, അറ്റിക്കൽ ഭാഗം, പൊൻകുന്നം പി.ഒ, ചിറക്കടവ് വില്ലേജ്, കാഞ്ഞിരപ്പള്ളി താലൂക്ക് 686 506
6) ശ്രീമതി.ബോബി ആൻ വർഗീസ്, വടക്കേൽ ഹൗസ്, അറ്റിക്കൽ ഭാഗം, പൊൻകുന്നം പി.ഒ, ചിറക്കടവ് വില്ലേജ്, കാഞ്ഞിരപ്പള്ളി താലൂക്ക് 686 506
7) ശ്രീമതി.സൂഫിയ ടി.എസ് , പാലമൂട്ടിൽ ഹൗസ്, അറ്റിക്കൽ ഭാഗം, പൊൻകുന്നം പി.ഒ, ചിറക്കടവ് വില്ലേജ്, കാഞ്ഞിരപ്പള്ളി താലൂക്ക് 686 506
8) ശ്രീ.വി.ആർ.സുധാകർ, വേലൂർമലയിൽ ഹൗസ്, പുരമറ്റം ഹൗസ് പി.ഒ മല്ലപ്പള്ളി, പത്തനംതിട്ട 689 543
9) സെക്രട്ടറി/പ്രസിഡന്റ് എസ്.എൻ.ഡി.പി ശാഖാ യോഗം, ബ്രാഞ്ച് നം.1044 പൊൻകുന്നം പി.ഒ, കോട്ടയം 686 506
10) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
11) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ് , ഐ & പി.ആർ.ഡി
12) ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 15-12-2022 14:05:30**

സെക്ഷൻ ഓഫീസർ